കണ്ണൂർ സർവ്വകലാശാല
(NAAC Accredited with B++ Grade)
**സ്വാമി ആനന്ദതീർത്ഥ ക്യാമ്പസ്**
എടാട്ട് (P O), പയ്യന്നൂർ – 670327. ഫോൺ: 04972 806403. ഇ-മെയിൽ: cdpayyannur@kannuruniv.ac.in

പ്രൊഫ. എൻ കെ ദീപക്
ക്യാമ്പസ് ഡയറക്ടർ Ph.9447649820

നമ്പർ: KU-SATC-CD/HOSTEL/CANTEEN /2022 തീയതി: 01/06/2026

## ക്വട്ടേഷൻ നോട്ടീസ്(Re- Quotation notice)

കണ്ണൂർ സർവകലാശാലയുടെ കീഴിലുള്ള പയ്യന്നൂർ സ്വാമി ആനന്ദ തീർത്ഥ ക്യാമ്പസ്സിൽ താഴെ പറയുന്ന നിർദേശ പ്രകാരം വ്യവസ്ഥകൾക്ക് വിധേയമായി ക്യാംപസിലെ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും സ്റ്റാഫ് അംഗങ്ങൾക്കും കൂടാതെ അതിഥികൾക്കും ഭക്ഷണം പാകം ചെയ്തു നൽകുന്നതിനായി കരാറടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് കാന്റീൻ നടത്തിക്കൊണ്ടു പോകുന്നതിനു താഴെ പറയുന്ന ഭക്ഷണ സാധനങ്ങളുടെ മിതമായ നിരക്കുകൾ രേഖപ്പെടുത്തിയ മത്സരസ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

| ക്രമ നമ്പർ | ഇനം | അളവ് | രേഖപ്പെടുത്തിയ നിരക്ക് (രൂപ) |
|---|---|---|---|
| 1 | ചായ | 200 ml. | |
| 2 | കാപ്പി | 200 ml. | |
| 3 | ഹോർലിക്സ്/ ബോൺവിറ്റ/ ബൂസ്റ്റ് | 200 ml. | |
| 4 | ദോശ | 50gm കുറയാതെ | |
| 5 | ഇഡ്ഡലി | 50gm | |
| 6 | വെള്ളയപ്പം | 200gm | |
| 7 | അട | 200gm | |
| 8 | പൂരി 3 എണ്ണം | 200gm | |
| 9 | പുട്ട് 1 കഷണം | 150gm | |
| 10 | കടല,മസാലക്കറി,ഉരുളക്കിഴങ്ങു ബാജി, ഗ്രീൻ പീസ് തുടങ്ങിയ കറികൾ | 150gm | |
| 11 | ഉണ്ണിയപ്പം, പഴംപൊരി സമോസ,പരിപ്പ് വട മുതലായ എണ്ണക്കടികൾ | 1 | |
| 12 | പൊറോട്ട | 1 | |
| 13 | ചപ്പാത്തി | 1 | |
| 14 | മുട്ടക്കറി/മുട്ട റോസ്റ്റ് | 1 | |
| 15 | ഓംലെറ്റ് | 1 കോഴിമുട്ട | |
| 16 | കോഴിക്കറി | 100gm | |
| 17 | കോഴി ഫ്രൈ | 100gm | |
| 18 | മട്ടൻ കറി | 100gm | |
| 19 | ചിക്കൻ ബിരിയാണി സിംഗിൾ | 250 gm , 1 പീസ് | |

| | | | |
|---|---|---|---|
| 20 | ചിക്കൻ ബിരിയാണി ഫുൾ | 250 gm , 2/3പീസ് | |
| 21 | ബീഫ് കറി | 100gm | |
| 22 | ബീഫ് ഫ്രൈ | 100gm | |
| 23 | ചോറ് നല്ല അരി കൊണ്ട് ഉണ്ടാക്കിയത് ,കറികൾ മിനിമം മൂന്നെണ്ണം, ഒഴിച്ച് കറി 2 എണ്ണം(,1 വെജിറ്റബിൾ കറി, 1 മൽസ്യ കറി), ഉപ്പേരി, അച്ചാർ,പപ്പടം തൈര്/മോര് /കൊണ്ടാട്ടം | ആവശ്യത്തിന് | |
| 24 | ശീതള പാനീയങ്ങൾ | അച്ചടിച്ച വിലക്ക് | |

## കരാർ വ്യവസ്ഥകൾ

1. ക്വട്ടേഷൻ നൽകുന്ന വ്യക്തികൾക്ക് പാചകത്തിൽ പ്രാവീണ്യമുണ്ടായിരിക്കണം .

2. പാചകത്തിനാവശ്യമായ വെള്ളം, വൈദ്യുതി , ഫർണിച്ചറുകൾ ഹാൾ, അടുക്കള എന്നിവ സർവകലാശാലനൽകുന്നതായിരിക്കും. വൈദ്യുതി, വെള്ളം എന്നീവയുടെ ചാർജ് കരാറുകാരൻ തന്നെ വഹിക്കേണ്ടതാണ്. പാചകത്തിന്നാവശ്യമായ പാത്രങ്ങൾ കരാറുകാരൻ തന്നെ ഏർപ്പെടുത്തേണ്ടതാണ്

3.പാചകത്തിന്നാവശ്യമായ ഗ്യാസ് ,പച്ചക്കറികൾ, പലവ്യഞ്ജനങ്ങൾ,മൽസ്യ മാംസാദികൾ എന്നിവ മാർക്കറ്റിൽ നിന്നും ആവശ്യാനുസരണം വാങ്ങേണ്ടതാണ്

4. കാന്റീനിലെ അടുക്കൽ ഹാൾ മുതലായവ വൃത്തിയായി സൂക്ഷിക്കേണ്ടതാണ്.പാചകം ചെയ്യുമ്പോൾ ശുചിത്വം പാലിക്കേണ്ടതാണ്.തിളപ്പിച്ച വെള്ളം/ഫിൽറ്റർ വാട്ടർ മാത്രമേ കുടിക്കാൻ നൽകാവൂ.

5. ഭക്ഷണ സാധങ്ങൾ നിർദിഷ്ട സമയത്തു തന്നെ വിളമ്പേണ്ടതാണ്. മിച്ചം വരുന്ന ആഹാര സാധനങ്ങൾ/പ്ലാസ്റ്റിക് കവറുകൾ/ഒഴിഞ്ഞ കുപ്പികൾ/ചകിരി/ചിരട്ട മുഹലായവ തരം തിരിച്ചു സൂക്ഷിക്കേണ്ടതും സംസ്കരിക്കേണ്ടതുമാണ് . മാലിന്യ സംസ്കരണം കരാറുകാരന്റെ സ്വന്തം ഉത്തരവാദിത്തമായിരിക്കും

6.ഭക്ഷണത്തിന്റെ ഗുണനിലവാരവും രുചിയും സേവന നിലവാരവും വിലയിരുത്തി തൃപ്തികരമല്ലെങ്കിൽ ഉടൻ തന്നെ കരാർ അവസാനിപ്പിക്കുന്നതാണ് .

7. ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ 1000 രൂപ നിരതദ്രവ്യമായി നൽകേണ്ടതാണ്
കരാർ ലഭിക്കുന്ന ആൾ കരാർ ഉറപ്പിക്കുന്ന ദിവസം തന്നെ **15000/-** രൂപ (രൂപ പതിനയ്യായിരം മാത്രം ) പണമായി സെക്യൂരിറ്റി ഡെപ്പോസിറ് അടച്ചു രസീത് വാങ്ങിക്കേണ്ടതാണ് .കരാർ കാലാവധി തൃപ്തികരമായി തീരുന്ന പക്ഷം തുക പലിശയില്ലാതെ തിരിച്ചു നൽകുന്നതായിരിക്കും .കാന്റീൻ കരാർ ഉറപ്പിച്ചതായുള്ള വിവരം ലഭിച്ചു 2 ദിവസത്തിനകം സ്വന്തം പേരിൽ വാങ്ങിയ 100 രൂപയുടെ മുദ്രക്കടലാസിൽ ബന്ധപ്പെട്ട കരാർ എഴുതി സ്ഥാപന മേധാവിക്ക് നൽകേണ്ടതാണ്.

8. കാലാനുസൃതമായി വിപണിയിലുണ്ടാകുന്ന വില വ്യത്യാസം കണക്കിലെടുത്തു ക്വട്ടേഷനിൽ പറഞ്ഞ വില മാറ്റി നിശ്ചയിക്കുവാനും ലിസ്റ്റിൽ ഉൾപ്പെടാത്ത ഇനങ്ങളുടെ വില നിർണയിക്കുവാനും കാന്റീൻ കമ്മറ്റിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

9. രാവിലെ 8 മണി മുതൽ വൈകുന്നേരം 6 മണി വരെ കാന്റീൻ തുറന്നു പ്രവർത്തിക്കേണ്ടതാണ്.

10.കാന്റീൻ നടത്തുന്നതിനുള്ള ലൈസൻസ് , ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ഫുഡ് സേഫ്റ്റി ഡിപ്പാർട്മെന്റിൽ നിന്നും കരാറുകാരൻ തന്നെ വാങ്ങിക്കേണ്ടതാണ്. നിയമാനുസൃതമായ എല്ലാ നികുതികളും നൽകേണ്ടത് കരാറുകാരന്റെ ചുമതലയാണ്.

11.ക്വട്ടേഷനുകൾ **2026 ജൂൺ** മാസം **07** ആം തീയതി **(07/06/2026)** **വൈകുന്നേരം 3 മണിക്ക്** മുമ്പായി സമർപ്പിക്കേണ്ടതാണ്. മേൽ വിലാസം ക്യാംപസ് ഡയറക്ടർ ,

സ്വാമി ആനന്ദ തീർത്ഥ ക്യാംപസ് , പയ്യന്നൂർ, കണ്ണൂർ സർവകലാശാല, എടാട്ട് പി ഓ , പയ്യന്നൂർ പിൻ 670327

12 .അന്നേ ദിവസം 4.00 മണിക്ക് ക്വട്ടേഷനുകൾ തുറക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുന്ന വ്യക്തിയുടെ പേരിൽ ഉചിതമെന്നു തോന്നുന്ന പക്ഷം വ്യവസ്ഥകൾക്ക് വിധേയമായി ക്വട്ടേഷൻ ഉറപ്പിക്കുന്നതായിരിക്കും .

13.ക്വട്ടേഷനുകൾ അടക്കം ചെയ്ത കവറിനു പുറത്തു ***കണ്ണൂർ യൂണിവേഴ്സിറ്റി ·പയ്യന്നൂർ ക്യാമ്പസ്സിൽ കാന്റീൻ നടത്തുന്നതിനുള്ള ക്വട്ടേഷൻ*** എന്ന് രേഖപ്പെടുത്തേണ്ടതാണ്

ക്യാംപസ് ഡയറക്ടർ
PROF. N. K. DEEPAK
CAMPUS DIRECTOR
KANNUR UNIVERSITY
SWAMI ANANDATHEERTHA CAMPUS
EDAT P.O., PAYYANUR-670 327